**കേരള സർക്കാർ**

സംഗ്രഹം

അടൂർ നിയോജക മണ്ഡലം മുൻ എം.എൽ.എ. ശ്രീ.ചിറ്റയം ഗോപകുമാർ - 2015-16 ആസ്തി വികസന പദ്ധതി - ഭരണാനുമതി പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ. 2396/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 14.07.2017.

---

പരാമർശം - (1) ജി.ഒ.(ആർ.റ്റി) 734/16/തസ്വഭവ തീയതി 20.02.2016.

(2) തദ്ദേശസ്വയംഭരണ ചീഫ് എൻജിനീയറുടെ 27.04.2017 ലെ ഡിബി6/2861/2016/സിഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

ബഹു.അടൂർ നിയോജക മണ്ഡലം എം.എൽ.എ. ശ്രീ.ചിറ്റയം ഗോപകുമാർ അവർകളുടെ 2015-16 വർഷത്തെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി, അടൂർ നഗരസഭയിലെ വലിയവിള – പുലിപ്പുരപ്പടി റോഡ് നവീകരണം എന്ന പ്രവൃത്തി നിർമ്മിതി കേന്ദ്ര പത്തനംതിട്ട മുഖേന നടപ്പിലാക്കാനാണ് ഭരണാനുമതി ഉത്തരവിൽ നിർദ്ദേശിച്ചിരുന്നതെന്നും, എന്നാൽ ടി പ്രവൃത്തി സാങ്കേതികാനുമതി നൽകി പൂർത്തീകരിച്ചിരിക്കുന്നത് കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്ര മുഖേനയാണെന്നും, ടി പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി ബഹു. എം.എൽ.എ.യുടെയും, അടൂർ നഗരസഭ കൗൺസിലിന്റെയും തീരുമാന പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ച് കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്ര ആയതിനാൽ, കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തെ നിർവ്വഹണ ഏജൻസിയാക്കി ഭരണാനുതി ഉത്തരവ് പുതുക്കി നൽകണമെന്ന് തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർ സൂചന രണ്ട് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ നിർദ്ദേശം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അടൂർ നിയോജക മണ്ഡലത്തിലെ എംഎൽഎ ശ്രീ. ചിറ്റയം ഗോപകുമാർ അവർകളുടെ ആസ്തി വികസന ഫണ്ട് പ്രകാരം ഭരണാനുമതി ലഭിച്ച അടൂർ നഗരസഭയിലെ വലിയവിള-പുലിപ്പുരപടി റോഡ് നവീകരണം എന്ന 10 ലക്ഷം രൂപയുടെ പ്രവൃത്തിയുടെ എസ്റ്റിമേറ്റിലും മറ്റും വിത്യാസം ഇല്ല എങ്കിൽ പ്രസ്തുത പ്രവൃത്തി കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം മുഖേന നടപ്പിലാക്കാവുന്നതാണെന്ന് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
റ്റി.കെ.ജോസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

ശ്രീ.ചിറ്റയം ഗോപകുമാർ എം.എൽ.എ. അടൂർ നിയോജക മണ്ഡലം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
സെക്രട്ടറി, അടൂർ നഗരസഭ.
ധനകാര്യ വകുപ്പ് (NC-B2/91/2016-FIN(175831)
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.